Draft #5 of File 102530/AC A10-4/2023/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 01-Aug-2024 08:12 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

പി.എച്ച്.ഡി പ്രോഗ്രാം - Retired/Adjunct/Deputation/Transferred എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗവേഷണ മാർഗദർശികളുടെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്നവരുടെ ഗവേഷണകാലാവധി ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ പുറപ്പെടുവിച്ച ഉത്തരവ് പരിഷകരിക്കുന്നതു സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 7130/AC A 10/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.08.2024

---

*പരാമർശം:-*(1) സർവകലാശാല ഉത്തരവ് നമ്പർ 12369/AC A10/2023/എം.ജി.യു തീയതി 11.12.2023
(2) 30.01.2024 തീയതിയിലെ അക്കാദമിക് കൗൺസിൽ യോഗത്തിൽ അംഗീകരിച്ച പ്രമേയം നമ്പർ 4
(3) 29.06.2024 തീയതിയിലെ സിൻഡിക്കേറ്റ് യോഗ മിനുട്സ് ഇനം നമ്പർ 132/24.04/102530/AC A10-4/2023

<u>**ഉത്തരവ്**</u>

എഞ്ചിനീയറിംഗ് വിഷയങ്ങളിലെ ഗവേഷകർ, അടച്ചു പൂട്ടുവാൻ പോകുന്ന സ്വാശ്രയ കോളേജുകളിലെ ഗവേഷകർ, Retired/ Adjunct/ Deputation/ Transferred എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന മാർഗദർശികളുടെ കീഴിൽ ഗവേഷണം നടത്തുന്നവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട എല്ലാ ഭാഗിക സമയ ഗവേഷകർക്കും യഥാക്രമം 8 വർഷത്തെ സ്വാഭാവിക ഗവേഷണ കാലയളവും, അതിനു ശേഷം ഒരു വർഷം വീതമുള്ള 03 ദീർഘിപ്പിക്കലുകളും, ആറ് മാസം വീതമുള്ള 03 ഗ്രേസ് പീരിയഡുകളും അനുവദിക്കുന്നതിന്, സൂചന (1) പ്രകാരം, ഉത്തരവായിരുന്നു.

ചില പ്രത്യേക വിഭാഗം ഗവേഷണ വിദ്യാർത്ഥികൾക്ക് മാത്രമായി ഗവേഷണ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകിയ അനുവാദം, കോളേജ് അദ്ധ്യാപകർക്ക് പ്രമോഷന് പി.എച്ച്.ഡി. നിർബന്ധമാക്കിയിരിക്കുന്ന സാഹചര്യത്തിൽ, എല്ലാ ഗവേഷണ വിദ്യാർത്ഥികൾക്കും ലഭ്യമാകുന്ന വിധത്തിൽ ഒരു മേഴ്‌സി ചാൻസ് നൽകി ഉത്തരവുണ്ടാകണ മെന്ന് ശ്രീ. പോൾ വി. കാരംതാനം 30.01.2024 തീയതിയിൽ ചേർന്ന അക്കാഡമിക് കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച, സൂചന (2) പ്രമേയത്തിലൂടെ ആവശ്യപ്പെടുകയും ആയത് സഭ അംഗീകരിക്കുകയുമുണ്ടായി.

പൂർണ്ണ സമയ ഗവേഷകർക്കു കൂടി ബാധകമാകുന്ന വിധത്തിൽ മേൽ സൂചന (1) ഉത്തരവിലെ തീരുമാനം പരിഷ്കരിക്കുന്നതിനുള്ള ശിപാർശയും, മേൽ സൂചന (2) പ്രമേയത്തിലെ ആവശ്യവും, ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം, സിൻഡിക്കേറ്റിന്റെ പരിഗണയ്ക്കായി സമർപ്പിച്ചിരുന്നു.

29.06.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, സൂചന (3) മിനുട്സ് പ്രകാരം, **"എഞ്ചിനീയറിംഗ് വിഷയങ്ങളിലെ ഗവേഷകർ, നിർത്തലാക്കുവാൻ പോകുന്ന സ്വാശ്രയ കോളേജുകളിലെ ഗവേഷകർ, Retired/Adjunct/Deputational/Transferred എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗവേഷണ മാർഗദർശികളുടെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്നവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട എല്ലാ ഗവേഷകർക്കും (പൂർണ്ണ സമയം /ഭാഗിക സമയം എന്ന ഭേദമില്ലാതെ) 8വർഷത്തെ സ്വാഭാവിക ഗവേഷണ കാലയളവും അതിനു ശേഷം ഒരു വർഷം വീതമുള്ള 3 ദീർഘിപ്പിക്കലുകളും 6 മാസം വീതമുള്ള 3 ഗ്രേസ് പീരിയഡുകളും അനുവദിക്കുന്നതിനും, ഇവ 2022 യു.ജി.സി റെഗുലേഷൻ നിലവിൽ വരുന്ന തീയതി വരെ മാത്രം നിലനിൽക്കുന്നതാണെന്ന വ്യവസ്ഥ ഒഴിവാക്കി നൽകുന്നതിനും അതിൻപ്രകാരം 11.12.2023 -ലെ സർവകലാശാല ഉത്തരവ് നമ്പർ 12369/AcA10/2023 പരിഷ്കരിക്കുന്നതിനും തീരുമാനിച്ചു"**.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന (1) ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ഗവേഷണ കേന്ദ്ര മേധാവികൾക്കും / റിസേർച് ഡയറക്ടർ

2. വൈസ് ചാൻസലറുടെ പി.എസ്/ രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ / ഫിനാൻസ് ഓഫീസറുടെ പി. എ. മാർ
3. പി.ആർ.ഓ. സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/IT CELL സെക്ഷൻ (റിസർച്ച് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. AR IV (Acad), DR I (Acad ), JR II (Admn)
5. Ac A II / VI / XI / XIII / XIV / XV സെക്ഷനുകൾ
6. പി & ഡി 2 / റെക്കോർഡ്സ് / എ.സി.സി. I, എ സി.സി 2 സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / ഫയൽ നം. 102530 / ACA10-4/2023/ACA10

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 102530/AC A10-4/2023/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 01-Aug-2024 08:12 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം